പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1317

11-02-2016-ൽ മറുപടിയ്ക്ക്

## റോഡ് കയ്യേറ്റം

| ചോദ്യം<br>ശ്രീ. കെ അജിത് | | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) വടയാർ ചന്നപ്പാലം വെള്ളൂർ മുളക്കുളം റോഡിന്റെ കെ.ആർ. ആഡിറ്റോറിയം മുതൽ പാലംകടവ് വരെയുള്ള പ്രദേശത്തെ റോഡിന്റെ വീതി വകുപ്പ് തലത്തിലെ റെക്കോഡുകൾ പ്രകാരം എത്ര മീറ്ററാണെന്നും ഇപ്പോൾ നിലവിലുള്ള വീതി എത്ര മീറ്ററാണെന്നും വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള വീതി 6 മീ മുതൽ 8 മീ വരെ ആണ് |
| (ബി) പാലം കടവ് മുതൽ കെ.ആർ. ഓഡിറ്റോറിയം റോഡ് തലയോലപ്പറമ്പ് വരെയുള്ള ഭാഗങ്ങളിൽ റോഡ് കയ്യേറ്റം നടന്നതായി വകുപ്പ് തലത്തിൽ കണ്ടെത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം ഭാഗങ്ങളിലാണ് കയ്യേറ്റം നടന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;<br>(സി) പാലം കടവ് കെ.ആർ ആഡിറ്റോറിയം റോഡിലെ കയ്യേറ്റം തിരിച്ചെടുക്കുവാൻ ആവശ്യമായ നടപടി എന്തെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | കയ്യേറ്റം നടത്തിയിട്ടുണ്ടെന്ന പൊതുജനാഭിപ്രായം കണക്കിലെടുത്ത് റോഡിന്റെ അതിർത്തി നിർണ്ണയിച്ചു നൽകുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും അതിർത്തി നിർണ്ണയിച്ചുതരുന്ന മുറയ്ക്ക് മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളു. |
| (ഡി) പാലംകടവ് മുതൽ കെ.ആർ. ആഡിറ്റോറിയം വരെയുള്ള റോഡിനോട് ചേർന്ന് റെക്കോർഡ് പ്രകാരം എത്ര വീതിയിൽ തോടുണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും ഈ തോടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും പ്രസ്തുത പ്രദേശത്ത് കയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ കയ്യേറ്റം തിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്നും വ്യക്തമാക്കുമോ ? | (ഡി) | ഈ തോടിന്റെ വീതിയും നിലവിലെ അവസ്ഥയും സംബന്ധിച്ച വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി കൾ റവന്യൂ വകുപ്പിൽ നിന്നും അതിർ ത്തി നിർണ്ണയിച്ചുതരുന്ന മുറയ്ക്ക് മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ